സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 46 2024 മെയ് 03 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

രഹസ്യമൊഴി നൽകി യുവതി; പ്രജ്വലിനെതിരെ വീണ്ടും ബലാൽസംഗക്കേസ്

തിരു: ഹാസനിലെ എംപി പ്രജ്വൽ രേവണ്ണയ്ക്കെതിരെ വീണ്ടും ബലാൽസംഗക്കേസ്. പ്രജ്വൽ പീഡിപ്പിച്ചുവെന്ന് മറ്റൊരു യുവതി കൂടി പരാതി നൽകി. നേരത്തെ പുറത്തുവന്ന ദൃശ്യങ്ങളിൽ ഈ യുവതിയുമുണ്ടായിരുന്നു. മജിസ്ട്രേറ്റ് മുൻപാകെയാണ് യുവതിയുടെ മൊഴി രേഖപ്പെടുത്തിയത്. ലൈംഗിക പീഡനം ഉൾപ്പടെയുള്ള വകുപ്പുകൾ ചുമത്തിയാണ് പുതിയ കേസ്. ചോദ്യം ചെയ്യലിന് നൽകിയ നോട്ടിസ് മടങ്ങിയതിനെ തുടർന്ന് പ്രജ്വലിനെതിരെ ലുക്ക് ഔട്ട് നോട്ടിസ് പുറപ്പെടുവിച്ചിരുന്നു. നയതന്ത്ര പാസ്പോർട്ട് ഉപയോഗിച്ച് പ്രജ്വൽ ജർമനിയിലേക്ക് കടന്നതായും ഇവിടെ നിന്ന് ദുബായിലെത്തിയതായും റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു.

റായ്ബറേലിയിലെ സ്ഥാനാർഥിത്വം രാഹുൽ മറച്ചുവെച്ചത് വയനാട്ടിലെ വോട്ടർമാരോടു ചെയ്ത നീതികേട്–ആനി രാജ

വയനാട്: ലോക്സഭാ തിരഞ്ഞെടുപ്പിൽ വയനാടിന് പുറമേ യുപിയിലെ റായ്ബറേലിയിലും മത്സരിക്കാനുള്ള രാഹുൽ ഗാന്ധിയുടെ തീരുമാനത്തിനെതിരേ വയനാട്ടിലെ എൽ.ഡി.എഫ് സ്ഥാനാർഥി ആനി രാജ. മറ്റൊരു മണ്ഡലത്തിൽകൂടി മത്സരിക്കുന്നുണ്ടെന്ന് വയനാട്ടിലെ ജനങ്ങളെ അറിയിച്ചുകൊണ്ട് തിരഞ്ഞെടുപ്പിനെ നേരിടാമായിരുന്നു. അത് മറച്ചുവെച്ചത് വയനാട്ടിലെ വോട്ടർമാരോട് ചെയ്ത നീതികേടാണെന്നും രാഷ്ട്രീയ ധാർമികതയ്ക്ക് ചേരാത്തതാണെന്നും ആനി രാജ പറഞ്ഞു.

പാർലമെന്ററി ജനാധിപത്യത്തിൽ ഒരാൾക്ക് രണ്ടു മണ്ഡലങ്ങളിൽ മത്സരിക്കാം. അത് എല്ലാ സ്ഥാനാർഥികളുടേയും അവകാശമാണ്. ആ അവകാശം അദ്ദേഹം വിനിയോഗിക്കുന്നു. എന്നാൽ, രണ്ട് മണ്ഡലങ്ങളിൽ വിജയിച്ചാൽ ഏതെങ്കിലും ഒരു മണ്ഡലത്തിൽനിന്ന് രാജിവെക്കേണ്ടിവരും. ഏത് മണ്ഡലത്തിൽനിന്ന് രാജി വെച്ചാലും ആ മണ്ഡലത്തിൽ അദ്ദേഹത്തെ വിജയിപ്പിച്ച വോട്ടർമാരോടുള്ള അനീതിയാകുമത്. ഇത് പെട്ടെന്ന് ഒരു ദിവസമെടുത്ത തീരുമാനമായിരിക്കില്ലല്ലോ. ഇത്തരം ചർച്ചകൾ ആ പാർട്ടിക്കുള്ളിൽ ഇതിന് മുന്നേ തന്നെ തുടങ്ങിക്കഴിഞ്ഞിട്ടുണ്ടാകും. അതുകൊണ്ടുതന്നെ തീരുമാനമെടുത്തില്ലെങ്കിൽപോലും ഇത്തരമൊന്ന് ചർച്ചയിലുണ്ട്, പാർട്ടിയുടെ പരിഗണനയിൽ ഈ വിഷയമുണ്ട് എന്ന് പറയാനുള്ള ധാർമികമായ ബാധ്യത രാഹുൽ ഗാന്ധിക്കുണ്ട്. അദ്ദേഹം അത് നിർവഹിച്ചില്ല, ആനി രാജ പറഞ്ഞു

റായ്ബറേലിയോട് വൈകാരികത കൂടുതലുണ്ടെന്ന കെ.സി വേണുഗോപാലിന്റെ പ്രതികരണം രാഹുൽ ഗാന്ധിയുടെ വൈകാരികതയെ ചോദ്യം ചെയ്യുന്നതാണ്. രാഹുൽ ഗാന്ധി എപ്പോഴും പറയുന്നത് വയനാട്ടിനോട് വൈകാരിക ബന്ധമുണ്ടെന്നാണ്. മണ്ഡലത്തിന് വേണ്ടി ഒന്നുംചെയ്തില്ലെങ്കിൽപോലും വൈകാരികബന്ധമുണ്ടെന്ന് പറഞ്ഞാണ് അദ്ദേഹം രണ്ടാമതും വയനാട്ടിൽ മത്സരിക്കുന്നത്. അദ്ദേഹത്തിന്റെ വൈകാരികതയെ വെച്ചുകൊണ്ട് പത്ത് വോട്ടിനോ രണ്ട് സീറ്റിനോ വേണ്ടി ഉപയോഗിക്കുന്ന തന്ത്രമാണോ, അതല്ല രാഹുൽ ഗാന്ധിക്ക് അദ്ദേഹത്തിന്റേതായ വൈകാരികതയുണ്ടോ? വേണുഗോപാൽ പറയുന്നതുപോലെ സന്ദർഭത്തിനനുസരിച്ച് മാറിക്കൊണ്ടേയിരിക്കുന്ന വൈകാരികതയാണോ അതെന്ന് കോൺഗ്രസ് പറയണമെന്നും ആനി രാജ കൂട്ടിച്ചേർത്തു.

വെള്ളിയാഴ്ച നാമനിർദേശപത്രിക സമർപ്പിക്കാനുള്ള സമയം അവസാനിക്കാൻ മണിക്കൂറുകൾ മാത്രം ബാക്കി നിൽക്കേയാണ് കോൺഗ്രസ് റായ്ബറേലിയിൽ രാഹുൽ ഗാന്ധി മത്സരിക്കുന്നുണ്ടെന്ന് പ്രഖ്യാപിച്ചത്. 2019-ൽ വയനാടിന് പുറമെ അമേഠിയിൽ രാഹുൽ മത്സരിച്ചിരുന്നു. എന്നാൽ, ബിജെപിയുടെ സ്മൃതി ഇറാനിയോട് പരാജയപ്പെട്ടു.

'മുഖ്യമന്ത്രിയുടെയും മകളുടെയും പങ്ക് തെളിയിക്കുന്ന രേഖ'

മാസപ്പടിക്കേസിൽ കൂടുതൽ രേഖകളുമായി മാത്യു കുഴൽനാടൻ എം.എൽ.എ. മുഖ്യമന്ത്രിയുടെയും മകളുടെയും പങ്ക് തെളിയിക്കുന്ന രേഖകളെന്ന് അവകാശപ്പെട്ടുള്ള അഞ്ച് പുതിയ രേഖകളാണ് കോടതിയിൽ സമർപ്പിച്ചത്. കേന്ദ്ര സർക്കാർ സ്വകാര്യ മൈനിങ് പാട്ടക്കരാർ റദ്ദാക്കണമെന്ന് നിർദേശിച്ച ഉത്തരവ്, പാട്ടക്കരാർ റദ്ദാക്കണം എന്ന മൈനിങ് ആൻഡ് ജിയോളജി ഡയറക്ടറുടെ ഉത്തരവ്, സ്വകാര്യ കമ്പനികൾക്ക് നൽകിയ പാട്ട കരാറുകൾ റദ്ദാക്കാൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് മൈനിങ് ജിയോളജി ഡയറക്ടർ നൽകിയ കത്ത് എന്നിവടക്കമുള്ള സുപ്രധാന തെളിവുകളാണ് നൽകിയതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, കരിമണൽ കമ്പനിക്ക് എന്ത് ആനുകൂല്യമാണ് നൽകിയതെന്ന് കോടതി ചോദിച്ചു. കേസ് തിങ്കളാഴ്ചത്തേക്ക് മാറ്റി.

രാഹുൽ ഗാന്ധി റായ്ബറേലിയിൽ അമേഠിയിൽ കെ എൽ ശർമ

ലക്നൗ: കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വയനാടിന് പുറമെ ഉത്തർപ്രദേശിലെ റായ്ബറേലിയിലും മത്സരിക്കും. ഉത്തർപ്രദേശ് മന്ത്രി ദിനേശ് പ്രതാപ് സിംഗ് ആണ് മണ്ഡലത്തിലെ ബി ജെ പി സ്ഥാനാർത്ഥി. അമേഠിയിൽ കെ എൽ ശർമയാണ് കോൺഗ്രസ് സ്ഥാനാർത്ഥി. കേന്ദ്രമന്ത്രിയും സിറ്റിംഗ് എംപിയുമായ സ്മൃതി ഇറാനിയാണ് എതിർസ്ഥാനാർത്ഥി. ഈ മാസം ഇരുപതിനാണ് ഇരു മണ്ഡലങ്ങളിലും വോട്ടെടുപ്പ് നടക്കുന്നത്.

ഇന്നലെ കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖർഗെയും രാഹുൽ ഗാന്ധിയും കർണാടകയിലെ ശിവമോഗയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. ഇതിനുപിന്നാലെയാണ് സ്ഥാനാർത്ഥികളുടെ കാര്യത്തിൽ അന്തിമ തീരുമാനത്തിലെത്തിയത്. നാമനിർദേശപത്രിക സമർപ്പിക്കാനുള്ള സമയം ഇന്ന് വൈകുന്നേരത്തോടെ അവസാനിക്കും.

കോൺഗ്രസിന്റെ പ്രത്യേകിച്ച് ഗാന്ധി കുടുംബത്തിന്റെ കുത്തക മണ്ഡലങ്ങളായിരുന്നു അമേഠിയും റായ്ബറേലിയും. കഴിഞ്ഞ ദിവസം സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചപ്പോഴും അമേഠിയിലേയും റായ്ബറേലിയിലേയും സ്ഥാനാർത്ഥികൾ ആരെന്ന് പാർട്ടി വെളിപ്പെടുത്തിയിരുന്നില്ല.

2019ൽ രാഹുൽ ഗാന്ധി അമേഠിയിൽ സ്മൃതി ഇറാനിയോട് പരാജയപ്പെട്ടിരുന്നു. വയനാട്ടിൽ നിന്ന് മത്സരിച്ച്, വിജയിച്ചാണ് അദ്ദേഹം ലോക്സഭയിലേക്ക് പോയത്. ഇത്തവണയും രാഹുൽ ഗാന്ധി വയനാട്ടിൽ നിന്ന് മത്സരിച്ചിരുന്നു.

2004 മുതൽ സോണിയ ഗാന്ധിയാണ് റായ്ബറേലിയിൽ നിന്ന് വിജയിക്കുന്നത്. അനാരോഗ്യം കണക്കിലെടുത്ത് ഇത്തവണ സോണിയ മത്സരരംഗത്ത് നിന്ന് മാറി. പകരം മകൾ പ്രിയങ്ക ഗാന്ധി മത്സരിച്ചേക്കുമെന്നായിരുന്നു റിപ്പോർട്ടുകൾ. മത്സരിക്കാനില്ലെന്ന് പ്രിയങ്ക അറിയിച്ചതായി പാർട്ടി വ്യക്തമാക്കി. അമേഠിയിൽ പ്രിയങ്കയുടെ ഭർത്താവ് റോബർട്ട് വാദ്രയുടെ പേരും ഉയർന്ന് കേട്ടിരുന്നു.

സോണിയാ ഗാന്ധി; അമേഠിയിൽ സ്മൃതിയെ വീഴ്ത്താൻ കിഷോരി ലാൽ ശർമ

ന്യൂഡൽഹി: അമേഠിയിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി കിഷോരി ലാൽ ശർമ. സ്ഥാനാർത്ഥി പട്ടിക പുറത്തുവന്നതിന് പിന്നാലെ കിഷോരി ലാൽ ആരാണെന്ന് തിരയുകയാണ് പലരും. രാഹുൽ ഗാന്ധിയും റോബർട്ട് വാഡ്രയും വരെ മത്സരിക്കുമെന്ന് പറഞ്ഞുകേട്ട മണ്ഡലമാണ് അമേഠി. ഇവിടവുമായി ഏറെ ബന്ധമുള്ള വ്യക്തിയാണ് കിഷോരിലാൽ ശർമ.

ഗാന്ധി കുടുംബത്തിന്റെ ശക്തികേന്ദ്രമായിരുന്ന അമേഠി തിരിച്ചുപിടിക്കാൻ വേണ്ടിയാണ് സാധാരണ ജനങ്ങൾക്കിടയിലടക്കം വ്യക്തമായ പിന്തുണയുള്ള കിഷോരി ലാൽ ശർമയെ കോൺഗ്രസ് ഇറക്കിയത്. റോബർട്ട് വാഡ്ര തന്റെ സ്ഥാനാർത്ഥി മോഹം മാദ്ധ്യമങ്ങൾക്ക് മുന്നിൽ വന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ, നറുക്ക് വീണത് കിഷോരിലാലിനായിരുന്നു.

1983ലാണ് പഞ്ചാബ് സ്വദേശിയായ കിഷോർലാൽ ഉത്തർപ്രദേശിലെ അമേഠിയിലെത്തുന്നത്. അന്ന് മുതൽ പാർട്ടി പ്രവർത്തനങ്ങളിൽ സജീവമാണ്. മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ വിശ്വസ്തൻ എന്ന നിലയിലാണ് അദ്ദേഹം രാഷ്ട്രീയത്തിൽ ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയത്. 1991ൽ രാജീവിന്റെ മരണശേഷവും അമേഠിയിൽ പാർട്ടിയുടെ വളർച്ചയിൽ വലിയ പങ്ക് വഹിച്ചതും ഇദ്ദേഹം തന്നെയാണ്. തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ നിന്ന് ഗാന്ധി കുടുംബം മാറിനിന്നപ്പോഴും കിഷോരിലാൽ മറ്റ് സ്ഥാനാർത്ഥികൾക്ക് വേണ്ടി അമേഠിയിൽ രംഗത്തിറങ്ങിയിരുന്നു.

1999ൽ സോണിയ ഗാന്ധിയുടെ ആദ്യ തിരഞ്ഞെടുപ്പ് വിജയത്തിലും പ്രധാന പങ്ക് വഹിച്ചത് കിഷോരി ലാലാണ്. പിന്നീട് രാഹുൽ അമേഠിയിലും സോണിയ റായ്ബറേലിയിലും എംപിമാർ ആയിരുന്നപ്പോൾ മണ്ഡലത്തിലെ കാര്യങ്ങളെല്ലാം നോക്കിയിരുന്നത് ഇദ്ദേഹമാണ്. ബീഹാറിലും പഞ്ചാബിലും കോൺഗ്രസിനുവേണ്ടി കിഷോരിലാൽ പ്രവർത്തിച്ചിട്ടുണ്ട്. ഈ മാസം 20നാണ് അമേഠിയിലും റായ്ബറേലിയിലും വോട്ടെടുപ്പ് നടക്കുന്നത്.

യുവാവിനെ സിമൻറ് മിക്സറിലിട്ട് അടിച്ച് കൊന്നു; മൃതദേഹം മാലിന്യക്കുഴിയിൽ തള്ളി

കോട്ടയം:കൂടുതൽ ജോലി ചെയ്യിപ്പിച്ചത് എതിർത്ത 19കാരനെ പ്ലാൻറ് ഓപറേറ്റർ അതിക്രൂരമായി കൊലപ്പെടുത്തി. കോട്ടയം വാകത്താനത്തെ കോൺക്രീറ്റ് കമ്പനിയിലാണ് കണ്ണില്ലാത്ത ക്രൂരത നടന്നത്. അസം സ്വദേശിയായ 19കാരൻ ലേമാൻ കിസ്കിനെ സിമൻറ് മിക്സറിലിട്ട് അടിച്ചാണ് പ്ലാൻറ് ഓപ്പറേറ്ററായ തമിഴ്നാട് സ്വദേശി പാണ്ടിദുരൈ കൊലപ്പെടുത്തിയതെന്ന് പോലീസ് പറയുന്നു. കൊലപാതകത്തിന് ശേഷം മൃതദേഹം മണ്ണുമാന്തിയന്ത്രം ഉപയോഗിച്ച് വേസ്റ്റുകുഴിയിലിട്ട് മൂടി. ഏപ്രിൽ 26നായിരുന്നു സംഭവം.

മിക്സർ യന്ത്രത്തിന്റെ ഉൾഭാഗം വൃത്തിയാക്കാൻ ലേമാൻ കിസ്ക് ഇറങ്ങിയപ്പോൾ പ്രതി യന്ത്രത്തിന്റെ സ്വിച്ച് ഓൺ ചെയ്തു. തുടർന്ന് മെഷീനുള്ളിൽ നിന്ന് താഴെ വീണ യുവാവിനെ മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് കമ്പനിയുടെ മാലിന്യക്കുഴിയിൽ തള്ളുകയായിരുന്നുവെന്നും പോലീസ് പറയുന്നു. സംഭവസമയത്ത് സിസിടിവി കാമറകളും ഓഫ് ചെയ്ത് പ്രതി തെളിവ് നശിപ്പിക്കാൻ ശ്രമിച്ചതായും പൊലീസ് പറയുന്നു.

പിണറായി സർക്കാരിന്റെ പ്രസ്റ്റീജ് പദ്ധതി; ഉദ്ഘാടനത്തിന് മുമ്പേ അറ്റകുറ്റപ്പണികൾ

ശ്രീകാര്യം: ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കണ്ണാടിപ്പാലത്തിൽ പൊട്ടൽ. ഉദ്ഘാടനത്തിനൊരുങ്ങുന്നതിനിടെ പാലത്തിന്റെ പ്രധാന ഭാഗമായ ഗ്ലാസ് പാളികളിലാണ് പൊട്ടലുണ്ടായത്. പാലത്തിലേക്ക് കയറുന്ന ഭാഗത്തെ ഗ്ലാസ് പാളിക്കാണ് കേടുപാട്.

മൂന്നു പാളികളുള്ള കണ്ണാടിപ്പാളിയിൽ ആയുധം ഉപയോഗിച്ച് ശക്തിയായി അടിച്ചാണ് കേടുവരുത്തിയിരിക്കുന്നതെന്നും സാമൂഹ്യ വിരുദ്ധരാണ് ഇതിന് പിന്നിലെന്നും വി.കെ.പ്രശാന്ത് എം.എൽ.എ ആരോപിച്ചു. ഇതിനെതിരെ ഡി.ടി.പി.സിയുമായി ചേർന്ന് കണ്ണാടിപ്പാലം സ്ഥാപിക്കുന്ന വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രണേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ശ്രീകാര്യം പോലീസിന് പരാതി നൽകി.

ടൂറിസം രംഗത്തെ വൻ വികസന സാദ്ധ്യത കണക്കിലെടുത്താണ് ടൂറിസം വകുപ്പ് കണ്ണാടിപ്പാലം നിർമ്മിക്കുന്നത്. ഒന്നരക്കോടി ചെലവിട്ട് നിർമ്മിച്ച പാലത്തിന് 75 അടി ഉയരവും 52 മീറ്റർ നീളവുമുണ്ട്. പാർക്കിലെ കുന്നിൻ മുകളിൽ നിന്ന് കുളം കടന്ന് സ്വിമ്മിംഗ് പൂൾ ഭാഗത്തേക്ക് നീളുന്ന തരത്തിലാണ് പാലത്തിന്റെ നിർമ്മാണം. ഒരേ സമയം 20 പേർക്ക് പാലത്തിൽക്കൂടി സഞ്ചരിക്കാൻ കഴിയും. കഴിഞ്ഞ മാർച്ച് 13ന് പാലം ഉദ്ഘാടനം ചെയ്യേണ്ടതായിരുന്നു. എന്നാൽ വർക്കലയിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ തകർച്ചയെ തുടർന്ന് ഉദ്ഘാടനം മാറ്റിവയ്ക്കുകയായിരുന്നു.

'ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണം കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമല്ല'; പുതിയ സർക്കുലർ അനുവദിക്കാതെ ഹൈക്കോടതി

കൊച്ചി: സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണ സർക്കുലറിന് സ്റ്റേ ഇല്ല. ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണം തടയണമെന്ന ഹർജി ജസ്റ്റിസ് കൗസർ എടപ്പഗത്താണ് നിരാകരിച്ചത്. സർക്കുലർ നടപ്പാക്കുന്നതിൽ സ്റ്റേ അനുവദിക്കാൻ കാരണങ്ങളൊന്നുമില്ലെന്നും അദ്ദേഹം വ്യക്തമാക്കി. കമ്മിഷണർക്ക് സർക്കുലർ ഇറക്കാനുള്ള അധികാരമുണ്ടെന്നും പരിഷ്കരണങ്ങൾ കേന്ദ്ര ഗതാഗത നിയമങ്ങൾക്ക് വിരുദ്ധമല്ലെന്നും വ്യക്തമാക്കിക്കൊണ്ടാണ് സ്റ്റേ ആവശ്യം കോടതി നിരാകരിച്ചത്. കേസ് വീണ്ടും ഈ മാസം 21ന് പരിഗണിക്കും.

പരിഷ്കരണം തടയണമെന്നാവശ്യപ്പെട്ട് ഓൾ കേരള മോട്ടർ ഡ്രൈവിംഗ് സ്കൂൾ, ഇൻസ്ട്രക്ടേഴ്സ് ആൻഡ് വർക്കേഴ്സ് അസോസിയേഷൻ, ഡ്രൈവിംഗ് സ്കൂൾ ഓണേഴ്സ് സമിതി, തുടങ്ങിയവരാണ് ഹൈക്കോടതിയെ സമീപിച്ചത്. ട്രാൻസ്പോർട്ട് കമ്മിഷണർ പുറപ്പെടുവിച്ച പരിഷ്കരണങ്ങൾ കേന്ദ്ര നിയമങ്ങളുടെ ലംഘനമാണെന്നും കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ മാറ്റം വരുത്താൻ സംസ്ഥാനത്തിന് അധികാരമില്ലെന്നുമായിരുന്നു ഹർജിക്കാരുടെ വാദം. കേന്ദ്ര നിയമത്തിലെ നിർദ്ദേശങ്ങളാണ് നടപ്പിലാക്കിയതെന്നും അതുകൊണ്ടു തന്നെ സർക്കുലർ നിയമപരമാണെന്ന് സർക്കാരും വാദിച്ചു.

ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണത്തിൽ സംസ്ഥാനത്തിലുടനീളം പ്രതിഷേധം തുടരുകയാണ്. തിരുവനന്തപുരം മുട്ടത്തറയിൽ ടെസ്റ്റ് നടത്തുന്ന ഗ്രൗണ്ടിന് മുൻപിൽ പുതിയ സർക്കുലർ കത്തിച്ചുകൊണ്ടാണ് സംഘടനകൾ പ്രതിഷേധം നടത്തിയത്. അതേസമയം, പരിഷ്കരണവുമായി മുന്നോട്ട് പോകുമെന്നാണ് ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാറിന്റെ നിലപാട്. ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ കർശന നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

നവജാത ശിശുവിന്റെ മൃതദേഹം നടുറോഡിൽ

ഫ്ളാറ്റിൽനിന്ന് എറിഞ്ഞുകൊന്നതെന്ന് സംശയം

എറണാകുളം: കൊച്ചിയിൽ നവജാതശിശുവിനെ എറിഞ്ഞുകൊന്നു. കൊച്ചി വിദ്യാനഗറിലെ ഒരു അപ്പാർട്മെന്റിൽ നിന്നാണ് കുട്ടിയെ താഴേക്ക് എറിഞ്ഞത്. ആൾത്താമസമില്ലാത്ത ഫ്ളാറ്റിൽ നിന്ന് ആൺകുഞ്ഞിനെയാണ് എറിഞ്ഞുകൊലപ്പെടുത്തിയത്. ഇന്ന് രാവിലെ എട്ട് മണിയോടെയാണ് സംഭവം.

രാവിലെ ജോലിക്കെത്തിയ ശുചീകരണ തൊഴിലാളികളാണ് ഒരു കെട്ട് കിടക്കുന്നത് കണ്ടത്. തുടർന്ന് നടത്തിയ പരിശോധനയിലാണ് നവജാത ശിശുവിന്റെ മൃതദേഹമാണെന്ന് തിരിച്ചറിഞ്ഞത്. കൊറിയർ കവറിൽ പൊതിഞ്ഞനിലയിലായിരുന്നു മൃതദേഹം. സി.സി.ടി. വിയിൽ സംഭവത്തിന്റെ ദൃശ്യങ്ങൾ പതിഞ്ഞിട്ടുണ്ട്.

പോലീസ് സ്ഥലത്തെത്തി പരിശോധന നടത്തി. കുഞ്ഞിനെ ജീവനോടെയാണോ താഴേക്ക് എറിഞ്ഞത് അതോ കൊലപ്പെടുത്തിയതിന് ശേഷമാണോ എറിഞ്ഞത് എന്നത് സംബന്ധിച്ച് വ്യക്തത വന്നിട്ടില്ല. ഫ്ളാറ്റിൽ ഗർഭിണികൾ ഉണ്ടായിരുന്നില്ലെന്നാണ് പറയുന്നത്. ജോലിചെയ്യുന്ന സ്ത്രീകളിലും ഗർഭിണികൾ ഇല്ലെന്നാണ് ലഭിക്കുന്ന വിവരം. കുഞ്ഞിന്റെ മാതാപിതാക്കളെ കണ്ടെത്താൻ പോലീസ് അന്വേഷണം തുടരുകയാണ്. ഒഴിഞ്ഞുകിടക്കുന്ന ഫ്ളാറ്റുകളിലെല്ലാം പരിശോധന നടത്തുന്നുണ്ട്.

ഫ്ളാറ്റിൽ രക്തക്കറ കണ്ടെത്തി; 2 സ്ത്രീകളെയും പുരുഷനെയും പോലീസ് ചോദ്യംചെയ്യുന്നു

കൊച്ചി: റോഡിൽ ഗർഭസ്ഥശിശുവിന്റെ മൃതദേഹം കണ്ടെത്തിയ സംഭവത്തിൽ സമീപത്തെ ഫ്ളാറ്റിലെ താമസക്കാരെ പോലീസ് ചോദ്യംചെയ്യുന്നു. രണ്ട് സ്ത്രീകളും ഒരു പുരുഷനും അടക്കമുള്ള താമസക്കാരെയാണ് പോലീസ് കസ്റ്റഡിയിലെടുത്തിട്ടുള്ളത്. ഈ ഫ്ളാറ്റിന്റെ തറയിൽനിന്നും ശുചിമുറിയിൽനിന്നും പോലീസ് രക്തക്കറ കണ്ടെത്തിയിരുന്നു. താമസക്കാരെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പോലീസ് പുറത്തുവിട്ടിട്ടില്ല.

ഇന്ന് രാവിലെ ഏട്ടേകാലോടെയാണ് പനമ്പള്ളിനഗറിലെ ഫ്ളാറ്റിന് സമീപത്തുള്ളവർ റോഡിൽ ഒരു കെട്ടുകിടക്കുന്നത് കണ്ടത്. ആരെങ്കിലും സഞ്ചിയിലാക്കി മാലിന്യം ഉപേക്ഷിച്ചതാവാമെന്നായിരന്നു ആദ്യം കരുതിയത്. പക്ഷെ, ശുചീകരണ തൊഴിലാളികൾ തൊട്ടുമുമ്പ് വൃത്തിയാക്കി പോയ സ്ഥലത്ത് എങ്ങനെ ഇത്രപെട്ടെന്നൊരു മാലന്യക്കെട്ടുവന്നു വെന്ന സംശയമാണ് അത് പരിശോധിക്കാൻ പ്രേരിപ്പിച്ചതെന്ന് സമീപവാസികൾ പറഞ്ഞു.

രാവിലെ ധാരാളം ആളുകൾ നടക്കുകയും മറ്റും ചെയ്യുന്ന സ്ഥലമായതുകൊണ്ടുതന്നെ അവരുടെ ആരുടേയെങ്കിലും നഷ്ടപ്പെട്ട കെട്ടാകുമെന്നും കരുതി. ഒരു കൊറിയർ സർവീസ് കമ്പനിയുടെ പാക്കറ്റായിരുന്നു റോഡിൽ വീണുകിടന്നത്. അടുത്തെത്തി പരിശോധിച്ചതോടെയാണ് മനസ്സുരുകിപ്പോകുന്ന കാഴ്ചകണ്ടത്. ചോരയിൽ കുളിച്ച് ഒരു ദിവസംപോലും പ്രായമാവാകാത്ത കുഞ്ഞിന്റെ മൃതദേഹമായിരുന്നു സഞ്ചിയിലുണ്ടായിരുന്നത്. ഉടൻ നാട്ടുകാരേയും പോലീസിനേയും അറിയിക്കുകയും ചെയ്തു.

ട്രെയിനിൽനിന്നു തെറിച്ചുവീണ് 22 കാരിയായ ഗർഭിണി മരിച്ചു

ചെന്നൈ: ട്രെയിനിൽനിന്നു പുറത്തേയ്ക്ക് തെറിച്ചുവീണ് 22-കാരിയായ ഗർഭിണി മരിച്ചു. ശങ്കരൻകോവിൽ സ്വദേശി സുരേഷ് കുമാറിന്റെ ഭാര്യ കസ്തൂരിയാണ് മരിച്ചത്. ശുചിമുറിയിലേക്കു പോകവെയാണ് ഏഴ് മാസം ഗർഭിണിയായ കസ്തൂരി പുറത്തേക്കു തെറിച്ചു വീണത്. ചെന്നൈ എഗ്മൂർ കൊല്ലം എക്സ്പ്രസ് ട്രെയിനിൽ വ്യാഴാഴ്ച വൈകുന്നേരമാണ് സംഭവം. വിരുദാചലത്തിനു സമീപമായിരുന്നു അപകടം. ശുചിമുറിയിലേക്ക് നടന്നുപോകവെ ഛർദിക്കാൻ തോന്നിയ കസ്തൂരി വാതിലിനരികിൽ നിൽക്കവെ പുറത്തേക്ക് വീണതെന്നാണ് വിവരം.

'പാവയാണെന്നാണ് ആദ്യം കരുതിയത്, രക്തവും മറ്റും കണ്ടപ്പോഴാണ് കുഞ്ഞാണെന്ന് മനസ്സിലായത്'

കൊച്ചി: പാവയാണെന്നാണ് ആദ്യം കരുതിയത്, രക്തവും മറ്റും കണ്ടപ്പോഴാണ് കുഞ്ഞാണെന്ന് മനസ്സിലായത്. കൊച്ചിയിൽ നവജാത ശിശുവിനെ റോഡിലേക്ക് വലിച്ചെറിഞ്ഞു കൊന്ന സംഭവത്തിൽ കുഞ്ഞിന്റെ മൃതദേഹം ആദ്യം കണ്ട പീരുമേട് സ്വദേശി ജിതിന് സംഭവം വിവരിക്കുമ്പോൾ പകപ്പ് ഇപ്പോഴും വിട്ടു മാറിയിട്ടില്ല. ഷിപ്യാർഡ് സ്കൂളിലെ ബസ് ഡ്രൈവർ ജിതിൻ.

രാവിലെ 8:20 ഓടെ ജോലിക്ക് പോകുന്ന വഴിയാണ് റോഡിൽ എന്തോ കിടക്കുന്നത് കണ്ടത്. ഒരു കവറിനടുത്ത് തന്നെ ഈ കുഞ്ഞിന്റെ മൃതദേഹവും കിടക്കുന്നുണ്ടായിരുന്നു. ആദ്യം പാവയാണെന്നാണ് കരുതിയത്. പിന്നെയാണ് അടുത്ത് രക്തവും മറ്റും കണ്ടത്. ശരീരം ഏറെക്കുറെ ചിതറിയ നിലയിലായിരുന്നു. കണ്ടുനിൽക്കാൻ പറ്റുന്നില്ലായിരുന്നു. എന്റെ ഫോണിൽ നിന്നാണ് പോലീസിനെ വിളിച്ചത്. അത്യാവശ്യം തിരക്കുള്ള ഭാഗമാണിത്. പക്ഷേ ഇന്ന് ആള് കുറവായിരുന്നു. ഞാൻ ഈ നാട്ടുകാരൻ അല്ല. അതല്ലാതെ ഈ സ്ഥലത്തെ കുറിച്ചും സംഭവം നടന്നതെന്ന് പറയപ്പെടുന്ന ഫ്ളാറ്റിനെ കുറിച്ചും തനിക്ക് ധാരണയില്ലെന്നും ജിതിൻ പറയുന്നു.

അതേ സമയം ഫ്ളാറ്റിലെ ഒരു കുടുംബത്തിലെ മൂന്നു പേരെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വരികയാണ്. ഒരു പുരുഷനും രണ്ടു സ്ത്രീകളും അടങ്ങുന്ന ഈ കുടുംബം താമസിച്ചിരുന്ന ഫ്ളാറ്റിൽ നിന്ന് രക്തക്കറയും കണ്ടെത്തിയിട്ടുണ്ട്

കർണാടക സ്വദേശിനിയെ വാടകവീട്ടിൽ മരിച്ചനിലയിൽ കണ്ടെത്തി

കോഴിക്കോട്: യുവതിയെ വാടകവീട്ടിൽ മരിച്ചനിലയിൽ കണ്ടെത്തി. മുക്കം മാമ്പറ്റയിലെ വില്ലയിലെ വീടിനുള്ളിലാണ് മരിച്ചനിലയിൽ കണ്ടെത്തിയത്. കർണാടക ചിക്കമംഗളൂരു സ്വദേശി ഐഷാ സുനിതയാണ് മരിച്ചത്.

മലപ്പുറം അരീക്കോട് സ്വദേശിയായ സുഹൃത്ത് സത്താറിനൊപ്പമാണ് താമസിച്ചുവന്നിരുന്നത്.

സത്താർ ഇന്ന് രാവിലെ ജോലികഴിഞ്ഞ് എത്തിയപ്പോഴാണ് ഐഷാ സുനിതയെ കിടപ്പുമുറിയിൽ മരിച്ചനിലയിൽ കണ്ടത്. ഇയാൾ വിവരം അറിയിച്ചതിനെ തുടർന്ന് മുക്കം പോലീസ് സ്ഥലത്തെത്തി പരിശോധന നടത്തി.

മണിക്കൂറുകളോളം തടഞ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കേരളം മനുഷ്യരുടെ സ്വന്തം നാട്!

kerala
God's Own Country

കേരളം ദൈവത്തിന്റെ സ്വന്തം നാട് - ഈ ഔദ്യോഗിക വാചകം ആരും നിഷേധിക്കുന്നില്ല. (ദൈവങ്ങളുടെ നാട് എന്നാണ് കേരളത്തെകുറിച്ച് പ്രചരിക്കുന്ന ടാഗ്ലൈൻ)

കാലവും ലോകക്രമവും ഇന്ത്യയുടെ ക്രമവും മാറുന്ന സാഹചര്യത്തിൽ കേരളത്തിന്റെ ഔദ്യോഗിക വാചകവും മാറ്റപ്പെടേണ്ടതാണ്.

ഈ ആശയം ഇന്ത്യയിലെ സാമൂഹ്യ സാമ്പത്തിക ശാസ്ത്ര ചിന്തകനായ പരകാല പ്രഭാകറാണ് ഉന്നയിക്കുന്നത്.

'കേരളം മനുഷ്യരുടെ സ്വന്തം നാട്' എന്നാക്കി മാറ്റണമെന്നാണ് പ്രഭാകർ പറയുന്നത്.

അദ്ദേഹമത് വെറുതെ പറയുന്നതല്ല.കേരളത്തെകുറിച്ച് കൃത്യമായിപഠിച്ച് പറഞ്ഞ ആശയമാണ്.

കേരളമോഡൽ

'കേരള മോഡൽ' വികസനം അതാണ് മേന്മയും, മാറ്റവുമായി പ്രഭാകർ ചൂണ്ടിക്കാട്ടുന്നത്.

കേരളം എല്ലാ അർത്ഥത്തിലും മനുഷ്യരുടെ നാടാണ്. ഇന്ത്യയിൽ മറ്റൊരിടത്തും കേരളത്തിലെ പോലെ 'ഒരുമ' കാണാനില്ല.

ഇന്ത്യയിൽ ഭൂരിഭാഗം ഇടങ്ങളിലും ദൈവത്തെ ഔദ്യോഗികമായി കൊണ്ടാടുന്നു. എന്നാൽ കേരളത്തിൽ അതില്ല. അതിനാൽ ഇവിടെ വിശാലത വേറിട്ട് നിൽക്കുന്നു. ഒരിക്കലും ദൈവത്തെ പൊതുഇടത്തെ അടയാളമാക്കി മാറ്റരുത്. ദൈവവും വിശ്വാസവും ആചാരവുമെല്ലാം അതിന്റേതായ സ്വതന്ത്ര വഴികളിലൂടെ പോകട്ടെ എന്നാണ് പ്രഭാകർ പറയുന്നത്.

ടൂറിസവികസനം ലക്ഷ്യം വെച്ചാണ് 'കേരളം ദൈവത്തിന്റെ സ്വന്തം നാട്' എന്ന ആശയം സർക്കാർ ഉയർത്തിയത്. അതിൽ യാതൊരു അപാകതയുമില്ല.

പക്ഷെ മാറുന്ന കാലാവസ്ഥയിൽ ദൈവത്തെ വെറുതെ വിടുന്നതല്ലെ നല്ലത് എന്ന

ചോദ്യമാണിവിടെ. തത്ക്കാലം ഒരു മാറ്റം ഉണ്ടായില്ലെങ്കിലും, മാറ്റം ഉണ്ടാകേണ്ടതായി വരുമെന്നതാണ് സൂചന.

വെറുപ്പല്ല മാനവികത

കേരളത്തെകുറിച്ച് പ്രഭാകർ പറയുന്നത് ഇപ്രകാരം:

രാജ്യത്ത് പലയിടത്തും 'വെറുപ്പ്' ഉയർത്തുമ്പോൾ കേരളത്തിൽ 'മാനവികത'

യാണ് ഉയർത്തുന്നത്. മനുഷ്യക്ഷേമമാണ് കേരളം പഠിപ്പിക്കുന്നത്. അധികാരവികേന്ദ്രീകരണം, സ്ത്രീശാക്തീകരണം എന്നിവയിൽ കേരളം ഇന്ത്യയേക്കാൾ മുന്നേറുകയാണെന്നു പറയാം. ആകയാൽ ഈ കേരളത്തെയല്ലാതെ ആരെ മാതൃകയാക്കാനാകും?

മലയാളികൾ രാഷ്ട്രീയമായും സാംസ്കാരികമായും പുലർത്തുന്ന ഔന്നത്യത്തിൽ, പരസ്പര ജീവിതത്തിൽ കാട്ടുന്ന പങ്കുവെക്കലിൽ, സാഹോദര്യത്തിൽ മറ്റൊരു മാതൃക രാജ്യത്ത് എവിടെയുണ്ട്?

വർഗ്ഗീയ വൈറസ്

അതിവേഗം വർഗീയ വൽക്കരിക്കാൻ, മതധ്രുവീകരണത്തിന് വൻ സന്നാഹങ്ങൾ നടക്കുന്നു. അത്തരം വൈറസുകൾ ചില മേഖലകളിൽ വേരുകളാഴ്ത്തുമെന്ന ഭയവുമുണ്ട്. കേരളീയ സമൂഹം അതേകുറിച്ച് ബോധവും, ഭീതിചിന്തയും പുലർത്തുന്നു. വർഗ്ഗീയ വൈറസിനെ പ്രതിരോധിക്കാൻ കേരളീയ പൗര സമൂഹം വലിയ ജാഗ്രതയും കൂടുതലായ ഇടപെടലുകളും വളർത്തണം, അടങ്ങിയിരുന്നല്ല, മൗനത്തോടെ കാഴ്ചക്കാരായല്ല ചുറ്റുവട്ടത്ത് ഇറങ്ങിയും പ്രതികരിച്ചും പ്രവർത്തിച്ചും മാത്രമെ ഈ വൈറസ് വാഹകരെ നേരിടാനാകൂ. അവർ പല രൂപത്തിലും പല വിധത്തിലുമാണ് കേരളം പോലുള്ള ദേശങ്ങളിലേക്ക് കടന്നുവരിക. അതിന് ആരാധനാലയങ്ങളം വിദ്യാലയങ്ങളും മറയാകും. അതിനാൽ ആവർത്തിച്ചുപറയട്ടെ, മലയാളി ഉയർന്ന രാഷ്ട്രീയബോധം കൈവിടാതെ കൺതുറന്നിരിക്കുക.

കിളിവാതിൽ
രാജൻ എലവത്തൂർ

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് സിറ്റിംഗ്

തൃശൂർ: കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംശദായം സ്വീകരിക്കുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെയ് 28 വരെ സിറ്റിംഗ് നടത്തുന്നു. മെയ് 4 ന് കാറളം, 7 ന് തിരുവില്വാമല, 10 നും 14 നും പഴയന്നൂർ, 16 ന് അന്നമനട, 18 ന് വേലൂർ, 21 ന് കൈപ്പമംഗലം, 23 ന് കൊണ്ടാഴി, 28 ന് മുല്ലശ്ശേരി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് സിറ്റിംഗ് നടത്തുന്നത്. അംശദായം ഓൺലൈനായി അടവാക്കുന്നതിനാൽ അംഗങ്ങളുടെ ആധാർ കാർഡ് നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ് എന്നിവ സിറ്റിംഗിന് ഹാജരാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

ഇന്റേൺഷിപ്പിന് അപേക്ഷ ക്ഷണിച്ചു

തൃശൂർ: അയലൂർ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ വിവിധ വിഷയങ്ങളിൽ ഇന്റേൺഷിപ്പിന് അപേക്ഷ ക്ഷണിച്ചു. സെന്റർ ഫോർ എക്സലൻസ് ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ്, ഡാറ്റ സയൻസ്, ഇ-കൊമേഴ്സ്, എ.ഐ, ഇലക്ട്രോണിക്സ്, എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് എന്നീ വിഷയങ്ങളിലാണ് ഇന്റേൺഷിപ്പ്. മെയ് 2 മുതൽ ഒരുമാസത്തേക്കാണ് ഇന്റേൺഷിപ്പ് കാലാവധി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8547005029.

സഹകരണ സംഘം ജീവനക്കാർക്ക് ഹ്രസ്വകാല പരിശീലനം

തൃശൂർ: സർക്കാർ അംഗീകൃത സഹകരണ പരിശീലന കേന്ദ്രമായ ആലപ്പുഴ ജില്ലയിലെ കിംബ് (എസ്.കെ. ഡി.സി) പുന്നപ്രയിൽ സഹകരണ സംഘങ്ങളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പ്രൊമോഷനും, ഇൻക്രിമെന്റിനും വേണ്ടി സഹകരണ ചട്ടം 185 (1) പ്രകാരമുള്ള 5ദിവസത്തെ ഹ്രസ്വകാല പരിശീലന പരിപാടി മെയ് 14 മുതൽ 18 വരെ ഓൺലൈനായി (ഗൂഗിൾ മീറ്റ്) സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി 9037323239, 9496244701 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

ഡോ. മുരളി തുമ്മാരുകുടി കാർഷിക സർവ്വകലാശാലയിൽ

തൃശൂർ: യു.എൻ ഏ20 ഗ്ലോബൽ ലാൻഡ് ഇനിഷ്യേറ്റീവ് കോ ഓർഡിനേഷൻ ഓഫീസിന്റെ ഡയറക്ടർ ഡോ. മുരളി തുമ്മാരുകുടി കേരള കാർഷിക സർവ്വകലാശാല ബിരുദ-ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കുമായി "കാർഷിക വിദ്യാഭ്യാസവും ഗവേഷണവും ആഗോളതലത്തിൽ "എന്ന വിഷയത്തിൽ സംവാദം നടത്തി. വെള്ളാനിക്കര കാർഷിക കോളേജിൽ നടന്ന സംവാദം കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. എ.സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കാർഷിക കോളേജ് വിജ്ഞാനവ്യാപന വിഭാഗം മേധാവി ഡോ.ജയശ്രീ കൃഷ്ണൻകുട്ടി,കോളേജ് ഡീൻ ഡോ.മണി ചെല്ലപ്പൻ ,സെൻട്രൽ ലൈബ്രറി ലൈബ്രേറിയൻ ശ്രീ.എസ് ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു.

വിശുദ്ധ മാർ അബി മലേക് തിമൊഥെയൂസ് ആത്മീയ ദൂരകാഴ്ചയുള്ള വ്യക്തിത്വത്തിനുടമ:

മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ

തൃശൂർ: തന്റെ മുന്നിൽ വരുന്നവരുടെ മനസ്സുകളെ വായിക്കാനും ദൈവസന്നിധിയിൽ ഒരു വ്യക്തിയുടെ സ്ഥാനം മനസ്സിലാക്കുവാനുള്ള ആത്മീയ ശക്തിയും ദൂരകാഴ്ചയും വിശുദ്ധ മാർ അബിമലേക് തിമൊഥെയൂസിന് ഉണ്ടായിരുന്നു.പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ വിശുദ്ധ മാർ അബി മലേക് ഓർമ്മ തിരുന്നാളും സഭയിലെ ദിവംഗതരായ മുഴുവൻ സഭാപിതാക്കൻമാരുടെയും ഓർമ്മ ദിനാചരണത്തോടനുബന്ധിച്ച് നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അസാധ്യ കാര്യങ്ങൾക്ക് പ്രാർത്ഥിച്ചാൽ ദൈവം സംപ്രീതനാകുന്ന ഒരിടമാണ് വിശുദ്ധന്റെ കബറിടമെന്ന് തൃശൂരിലെ ജാതിമത ഭേദമെന്യെ എല്ലാവർക്കും അറിയാമെന്നത് ഒരു സത്യമാണെന്ന് തട്ടിൽപിതാവ് തുടർന്ന് പറഞ്ഞു. അനുസ്മരണ യോഗത്തിൽ ഇന്ത്യയുടെയും ദക്ഷിണ ഗൾഫ് രാജ്യങ്ങളുടെ ആത്മീയ നേതാവായ അഭിവന്ദ്യ മാർ ഔഗിൻ കുരിയാക്കോസ് അദ്ധ്യക്ഷനായിരുന്നു. തൃശൂർ മേയർ എം.കെ.വർഗ്ഗീസ്,തൃശൂർ എം.എൽ.എ. പി. ബാലചന്ദ്രൻ റവ. കെ.ആർ. ഈനാശു,റവ.ജോസ് വേങ്ങശ്ശേരി, ചെയർമാൻ ജേയ്ക്കബ് ബേബി എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന സമുഹസദ്യയിൽ ജാതി മത ഭേദമെന്യെ 20000 ൽ പരം ജനങ്ങൾ പങ്കെടുത്തു.പരിപാടികൾക്ക് ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ രാജൻ ജോസ് മണ്ണുത്തി, ബോർഡ് അംഗങ്ങളായ എ.എം. ആന്റണി, ലാലി റാഫേൽ, ലിയോൺസ് കാങ്കപ്പാടൻ, ജോസ് താഴ്ത്ത, ആൻസൺ ഡേവീസ്, എ.വി. ഷാജു, ജിംറീസ് സോളമൻ, പ്രോഗ്രാം ജോയിന്റ് കൺവീനർമാരായ അബി ജെ പൊൻമാണിശ്ശേരി, ഫെബി കെവിൻ സ്റ്റിയറിങ്ങ് കമ്മറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

അമലയിൽ വാതരോഗികളുടെ സംഗമം

അമല മെഡിക്കൽ കോളേജിൽ വാതരോഗികളുടെ സംഘടനയായ 'ആസിഫിന്റെ ' പത്താം ദേശീയ സമ്മേളനവും സൗജന്യ പ്രചോദക പരിശീലന പരിപാടിയും അമല ഡയറക്ടർ ഫാ ജൂലിയസ് അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു

സംരംഭകത്വ വർക്ക് ഷോപ്പ്

തൃശൂർ: കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കായി 'ഇൻഡസ്ട്രി സെറ്റപ്പ് സപ്പോർട്ട് വർക്ക് ഷോപ്പ്' സംഘടിപ്പിക്കുന്നു. മെയ് 8 മുതൽ 10 വരെ കളമശ്ശേരി ക്യാമ്പസിലാണ് പരിശീലനം നൽകുന്നത്. താത്പര്യമുള്ളവർ http://kied.info/training-calender/ ൽ മെയ് 5 നകം അപേക്ഷ സമർപ്പിക്കണം. ഫോൺ: 0484 2532890, 2550322, 9188922800.

കർഷക മോർച്ച ഏപ്രിൽ 30ന് നഗരസഭ ഓഫീസിനു മുൻപിൽ നടത്തിയ പ്രതിഷേധ പരിപാടി ആസൂത്രിത്രിതമായ നാടകം

ഇരിങ്ങാലക്കുട നഗരസഭ 31-ാം വാർഡിൽ ശാന്തി നികേതൻ സ്കൂളിനു സമീപത്തുള്ള ഭൂമിയിൽ കളിമണ്ണു ഖനനം നടത്തുന്നതിനെതിരെ നഗരസഭ ഇടപെടൽ നടത്തുന്നില്ല എന്ന ആരോപണം വാസ്തവ വിരുദ്ധമാണ്. തണ്ണീർത്തട നിയമത്തിന്റെ പരസ്യമായ ലംഘനം നടത്തുന്നതിന് 2023ൽ തന്നെ സ്ഥല ഉടമകളായ ശ്രീ റാം കെ അച്യുതൻ, സുനെത്ര കെ എസ്, സരിത് സൽഗുണൻ, ഡോ. ദീപ്തി ഉമേഷ് എന്നിവർ ശ്രമം തുടങ്ങിയതാണ്. എന്നാൽ വാർഡിന്റെ കൗൺസിലറും നഗരസഭ ചെയർപേഴ്സനുമായ സുജ സഞ്ജീവ് കുമാറിന്റെ നേതൃത്വത്തിൽ അത്തരം ശ്രമങ്ങൾ തടഞ്ഞിട്ടുള്ളതാണ്. പ്രാദേശിക നിരീക്ഷണ സമിതിയും വില്ലേജ് ഓഫീസ്, കൃഷി ഓഫീസ് എന്നിവ മുഖാന്തിരവും അനധികൃത പ്രവർത്തിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ടി പ്രവർത്തികൾ നിർത്തിവെപ്പിച്ചിട്ടുള്ളതാണ്. അടുത്ത ദിവസങ്ങളിൽ കോടതി ഉത്തരവിന്റെ മറവിൽ കളിമണ്ണ് ഖനനം നടത്താനുള്ള ശ്രമവും തടഞ്ഞിട്ടുള്ളതാണ്. മത്സ്യ കൃഷി നടത്താൻ ആണെന്ന വ്യാജേനയും കളിമണ്ണ് ഖനനം നടത്താൻ ആണെന്ന വ്യാജേനയും നെൽകൃഷി തകർക്കാനുള്ള ശ്രമത്തെ വാർഡ് കൗൺസിലർ എന്ന നിലയിൽ ചെറുത്ത് തോൽപ്പിച്ചിട്ടുള്ളതാണ്. വിവിധ തീയതികളിൽ പ്രാദേശിക നിരീക്ഷണ സമിതി യോഗം ചേർന്നതിന്റെ മിനിറ്റ്സ് (16.1.23, 10.4.23, 30.11.23), ആർ ഡി ഒ, ജില്ലാ കളക്ടർ എന്നിവരുമായുള്ള കത്തിടപാടുകൾ എന്നിങ്ങനെ ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചാൽ കാര്യങ്ങളെല്ലാം വ്യക്തമായി മനസ്സിലാകും. മേൽ സാഹചര്യത്തിൽ ഇത്തരം സമരാഭാസങ്ങൾ നടത്തുന്നത് സ്ഥല ഉടമകളെ സഹായിക്കാനാണ് എന്ന് സംശയിക്കേണ്ടിരിക്കുന്നു. നെൽ കൃഷിയെ തകർക്കുന്ന മാഫിയകളോടുള്ള ചെറുത്ത് നിൽപ്പ് അതി ശക്തമായ രീതിയിൽ തന്നെ തുടരും എന്ന വിവരം കൂടി

നിര്യാതരായി

കൃഷ്ണൻ

ഇരിങ്ങാലക്കുട : പടിയൂർ മണ്ഡലത്തിലെ മുതിർന്ന കോൺഗ്രസ്സ് പ്രവർത്തകൻ എടതിരിഞ്ഞി കനാൽ പാലത്തിനു സമീപം തച്ചംപുറത്ത് കൃഷ്ണൻ (84) നിര്യാതനായി. സംസ്കാരം ഇന്ന് ഉച്ചക്ക് 12 മണിക്ക് വീട്ടുവളപ്പിൽ.

മോഹൻദാസ്

പെരിങ്ങാവ്: വടക്കൂട്ട് പറമ്പിൽ നാരായണൻ മകൻ മോഹൻദാസ് (64) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പദ്മിനി മകൾ: വിനീത്, മരുമകൻ: ആതിര

ബംഗാൾ ഗവർണർ സി വി ആനന്ദ് ബോസിനെതിരെ ലൈംഗിക ആരോപണം; പുറത്തുവിട്ട് തൃണമൂൽ എം പി

കൊൽക്കത്ത> പശ്ചിമ ബംഗാൾ ഗവർണറും മലയാളിയുമായ സി വി ആനന്ദ ബോസ് രാജ്ഭവനിൽ വച്ചു യുവതിയെ പീഡിപ്പിച്ചുവെന്ന് ആരോപണം. തൃണമൂൽ കോൺഗ്രസ് എംപി സാഗരിക ഘോഷ് എക്സ് ഹാൻഡിലൂടെയാണ് ആരോപണമുന്നയിച്ചത്. രാജ്ഭവനിൽ ഗവർണറെ കാണാൻ പോയപ്പോഴാണ് പീഡനം നടന്നതെന്നും യുവതിയുടെ പരാതിയിൽ ഹെയർ സ്ട്രീറ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്യുമെന്നും സാഗരിക ഘോഷ് പോസ്റ്റിൽ പറയുന്നു.

"ബംഗാൾ ഗവർണർ സി വി ആനന്ദ ബോസ് യുവതിയെ പീഡിപ്പിച്ചതായുള്ള പരാതി എത്ര ഭയാനകവും മോശവുമാണ്. പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്ഭവനിൽ രാത്രി തങ്ങാൻ ഒരുങ്ങുന്നതിനിടെയാണ് ഗുരുതര പരാതി. ഇന്ന് രാജ്ഭവനിൽ ഗവർണറെ കാണാൻ പോയ തന്നെ പീഡിപ്പിക്കുകയായിരുന്നുവെന്ന് യുവതി ആരോപിച്ചു. യുവതിയുടെ ആരോപണം ഞെട്ടിപ്പിക്കുന്നതും അപമാനകരവുമാണ്" സാഗരിക ട്വീറ്റ് ചെയ്തു. അതേസമയം, രാജ്ഭവനിലെ ജീവനക്കാരിയാണ് പരാതിക്കാരിയെന്നും ദേശീയ മാധ്യമങ്ങൾ പറയുന്നു.

സംഭവം ആനന്ദബോസ് നിഷേധിച്ചു. സത്യം ജയിക്കുമെന്നും കെട്ടിപ്പൊക്കുന്ന നുണകളിൽ തളരാനില്ലെന്നും ആനന്ദബോസ് മറുപടി നൽകി. തന്നെ അപകീർത്തിപ്പെടുത്തി ആരെങ്കിലും തിരഞ്ഞെടുപ്പിൽ നേട്ടം ആഗ്രഹിക്കുന്നെങ്കിൽ അവരെ ദൈവം അനുഗ്രഹിക്കട്ടെ. എന്നാൽ, ബംഗാളിലെ അക്രമത്തിനും അഴിമതിക്കുമെതിരായ പോരാട്ടം അവസാനിപ്പിക്കില്ലെന്നും രാജ്ഭൻ എക്സ് ഹാൻഡിലിൽ ആനന്ദബോസ് കുറിച്ചു.

മുക്കാട്ടുകര സെന്റ് ജോർജ്ജസ് ദേവാലയത്തിൽ നവവൈദികൻ ലിജോ പതിപ്പറമ്പന് സ്വീകരണവും, അനുമോദനവും നൽകി

തൃശൂർ: ഇടവക വികാരി റവ.ഫാ. പോൾ പിണ്ടിയാൻ അദ്ധ്യക്ഷത വഹിച്ചു. തൃശൂർ അതിരൂപത ഫിനാൻസ് ഓഫീസർ റവ.ഫാ. വർഗീസ് കുത്തൂർ ഉദ്ഘാടനം നിർവഹിച്ചു. അസി.വികാരി റവ.ഫാ. ആന്റണി ചിറ്റിലപ്പിള്ളി, മദർ സുപ്പീരിയർ സി.ജെസ്സി ആന്റോ, ഇടവക കൈക്കാരൻ സോജൻ മഞ്ഞില, കുടുംബ കൂട്ടായ്മ കേന്ദ്ര സമിതി പ്രസിഡണ്ട് സെബിൻ.സി.കെ, തിരുപ്പട്ട കമ്മിറ്റി ജോയിന്റ് കൺവീനർ റോബിൻ പോൾ എന്നിവർ ആശംസകൾ നേർന്നു.

പുതിയതായി തിരുപ്പട്ടം സ്വീകരിച്ച റവ.ഫാ.ലിജോ പതിപ്പറമ്പന്റെ മറുപടി പ്രസംഗത്തിന് ശേഷം ഇടവക അംഗങ്ങളുടെ കലാപരിപാടികളോടു കൂടി അനുമോദന യോഗം വർണ്ണാഭമായി.

ഇടവക കൈക്കാരൻമാരായ വിൽസൻ പ്ലാക്കൽ, കൊച്ചുവർക്കി തരകൻ, ജെൻസൻ ജോസ് കാക്കശ്ശേരി, പ്രതിനിധി യോഗം അംഗങ്ങൾ, സംഘടന പ്രതിനിധികൾ, പള്ളി ജീവനക്കാർ തുടങ്ങിയവർ നേതൃത്വം നൽകി.

യൂറോളജി ഒ.പി ഉണ്ടായിരിക്കുന്നതല്ല

തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലെ യൂറോളജി വിഭാഗം ഡോക്ടർ അവധിയിൽ പോയതിനാൽ മെയ് 30 വരെ യൂറോളജി ഒ.പി ഉണ്ടായിരിക്കുന്നതല്ലെന്ന് മെഡിക്കൽ കോളേജ് സൂപ്രണ്ട് അറിയിച്ചു

ഹരിതകേരളം മിഷൻ-നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവവും ക്വിസ് മത്സരവും

തൃശൂർ: ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വേൾഡ് വൈൽഡ് ലൈഫ് ഫണ്ടുമായി സഹകരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി ജൈവവൈവിധ്യ പഠനോത്സവവും ക്വിസ് മത്സരവും സംഘടിപ്പിക്കുന്നു. ഇടുക്കി ജില്ലയിലെ അടിമാലിയിൽ ഹരിതകേരളം മിഷൻ യു.എൻ.ഡി.പി. പദ്ധയിലുൾപ്പെടുത്തി സ്ഥാപിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിന്റെ കമ്യൂണിറ്റിതല പരിപാടികളുടെ ഭാഗമായാണ് പരിപാടി നടത്തുന്നത്. ജൈവവൈവിധ്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമുള്ള അവബോധം കുട്ടികളിലത്തിക്കാൻ ലക്ഷ്യമിട്ടാണ് ലോക ജൈവവൈവിധ്യ ദിനത്തോടനുബന്ധിച്ച് പഠനോത്സവവും ക്വിസ് മത്സരവും സംഘടിപ്പിച്ചിട്ടുള്ളത്.

മെയ് 7 ന് ബ്ലോക്കുതലത്തിലും 10 ന് ജില്ലാതലത്തിലും സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിലെ വിജയികളെ പങ്കെടുപ്പിച്ചാണ് മെയ് 20 മുതൽ മൂന്നു ദിവസം അടിമാലിയിൽ പഠനോത്സവ ക്യാമ്പ് സംഘടിപ്പിക്കുന്നത്. 7, 8, 9 ക്ലാസുകളിലേക്ക് എത്തുന്ന വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ഹരിതകേരളം മിഷൻ ജില്ലാ ഓഫീസുകൾ വഴിയും റിസോഴ്സ് പേഴ്സൺമാർ വഴിയും മത്സരത്തിൽ പങ്കെടുക്കുന്നതു സംബന്ധിച്ച വിശദവിവരങ്ങൾ അറിയാം. ഓൺലൈൻ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ നടത്താം. പരിസ്ഥിതി, ജൈവവൈവിധ്യം എന്നീ വിഷയങ്ങളെ അധികരിച്ചായിരിക്കും ക്വിസ് മത്സരം. ഇന്ററാക്ടീവ് അടിസ്ഥാനത്തിലാണ് ക്വിസ് മത്സരം. പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകും. കൂടാതെ വിജയികൾക്ക് പ്രത്യേകം സർട്ടിഫിക്കറ്റും നൽകും.

ബ്ലോക്ക്-ജില്ലാതലത്തിൽ നടക്കുന്ന ക്വിസ് പരിപാടിയിൽ വിദ്യാകിരണം മിഷന്റെ സഹകരണം ഉണ്ടാകും. അടിമാലിയിലെ നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പച്ചത്തുരുത്തുകളും അതിലെ ജൈവവൈവിധ്യവും ക്യാമ്പിന്റെ പ്രധാന ഘടകമായിരിക്കും. വിനോദവും വിജ്ഞാനവും കോർത്തിണക്കി ശിൽപശാലകൾ, കുട്ടികളുടെ പഠനങ്ങൾ, ഫീൽഡ് പ്രവർത്തനങ്ങൾ, പാട്ടുകൾ, കളികൾ, നൈപുണ്യ വികസനം എന്നിവ ഉൾപ്പെടുത്തിയാണ് മൂന്നുദിവസത്തെ പഠന ക്യാമ്പ്. ക്വിസ് മത്സരത്തിലും പഠനോത്സവ ക്യാമ്പിലും പങ്കെടുക്കുന്നതിന് കുട്ടികൾക്കുള്ള താമസവും ഭക്ഷണവും ഉൾപ്പെടെ സൗജന്യമായിരിക്കും. ജൈവവൈവിധ്യവും അവയുടെ സംരക്ഷണത്തിന്റെ പ്രാധാന്യവും മുൻനിർത്തി ജൈവവൈവിധ്യ പഠനോത്സവ ക്യാമ്പുകൾ എല്ലാ വർഷവും വേനലവധിക്കാലത്ത് സംഘടിപ്പിക്കുമെന്ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റും ഹരിതകേരളം മിഷൻ വൈസ് ചെയർ പേഴ്സണുമായ ഡോ. ടി.എൻ. സീമ അറിയിച്ചു.

പഠനക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് https://forms.gle/bqE94m92d8pbq-CCU7 എന്ന ലിങ്കിലൂടെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം.

പി.എസ്.സി ലാബോറട്ടറി ടെക്നീഷ്യൻ അഭിമുഖം

തൃശൂർ: തൃശ്ശൂർ ജില്ലയിൽ ആരോഗ്യവകുപ്പിൽ ലാബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിലേക്ക് 2024 ജനുവരി 6 ന് പ്രസിദ്ധീകരിച്ച 02/2024/ഡിഒആർ നമ്പർ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം മെയ് 8 മുതൽ 10 വരെ പബ്ലിക് സർവ്വീസ് കമ്മീഷൻ തൃശ്ശൂർ ജില്ലാ ഓഫീസിൽ നടക്കും. ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ്, പ്രൊഫൈൽ മെസ്സേജ് എന്നിവ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സ്ഥലത്തും സമയത്തും ഹാജരാകണം.

ഇന്ത്യൻ തൊഴിലാളി സമൂഹം കടുത്ത ആശങ്കയിൽ വി ഡി സതീശൻ

തൃശൂർ: കഴിഞ്ഞ പത്തു വർഷത്തെ മോദി ഭരണത്തിന് കീഴിൽ, ഭാരതത്തിലെ തൊഴിലാളി സമൂഹം കടുത്ത ആശങ്കയിലാണെന്ന് വി ഡി സതീശൻ. തൊഴിൽ സംരക്ഷിക്കുന്നതിനോ, അർഹതപ്പെട്ട അവകാശങ്ങൾ നൽകുന്നതിനോ തൊഴിൽ മേഖലയിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനോ കേന്ദ്രസർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.രാജ്യത്തെ എല്ലാ തൊഴിലാളി പ്രസ്ഥാനങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് വലിയൊരു പ്രക്ഷോഭത്തിന് തയ്യാറെടുക്കേണ്ട സമയത്താണ് ഈ വർഷത്തെ മെയ്ദിനാഘോഷമെന്നും അദ്ദേഹം എടുത്തു പറഞ്ഞു.

മെയ് 1 അന്താരാഷ്ട്ര തൊഴിലാളി ദിനത്തോടനുബന്ധിച്ച്, ഐഎൻടിയുസിയുടെ നേതൃത്വത്തിൽ ഒല്ലൂരിൽ, വമ്പിച്ച പ്രകടനത്തിനുശേഷം നടന്ന പൊതുയോഗം ടൗൺഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രതിപക്ഷ നേതാവ്.

ജില്ലാ പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളി അധ്യക്ഷത വഹിച്ച യോഗത്തിൽ, സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ, ടി ജെ സനീഷ് കുമാർ എംഎൽ എ എന്നിവർ മുഖ്യാതിഥികളായി. ഭാരവാഹികളായ വി എ ഷംസുദ്ദീൻ, ആന്റണി കുറ്റുക്കാരൻ,സോമൻ മുത്രത്തിക്കര, എ ടി ജോസ്, കെ എൻ നാരായണൻ, എം ആർ രവീന്ദ്രൻ,പി എ റിന്റോ, റിൻസൺ വർഗീസ്, ഡേവിസ് ചക്കാലക്കൽ തുടങ്ങിയവർ സംസാരിച്ചു.

കോടതി പരസ്യം

**ബഹു. കുന്നംകുളം ക